271



**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—വിവിധ വകുപ്പുകളിലെ ലോവർ ഡിവിഷൻ ക്ലാർക്ക്—പരിഷ്കരിച്ച വിദ്യാഭ്യാസ യോഗ്യത—സർക്കാർ ഉത്തരവ് നടപ്പിലാക്കൽ—താല്ക്കാലികമായി നിർത്തിവച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്**

സ.ഉ.(എം.എസ്) നം.21/2013/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി 23.07.2013

---

പരാമർശം:- 1. ജി.ഒ. (എം.എസ്) നം. 21/2011/പി.ആന്റ്.എ.ആർ.ഡി തീയതി 01.07.2011
2. ജി.ഒ. (എം.എസ്) നം.33/2011/പി.ആന്റ്.എ.ആർ.ഡി തീയതി 21.11.2011
3. പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 03.07.2013 - ലെ ഡി. ആർ. I(1) 5681/13/ഗ.വി നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം വിവിധ തസ്തികകളുടെ വിദ്യാഭ്യാസ യോഗ്യത പരിഷ്കരിച്ച് ഉത്തരവാകുകയും, 01.07.2011 - നു ശേഷം പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനങ്ങൾക്കു മാത്രമേ പരിഷ്കരിച്ച യോഗ്യതകൾ ബാധകമാകുകയുള്ളൂ എന്ന് പരാമർശം (2) പ്രകാരം വ്യക്തമാക്കുകയും ചെയ്തിരുന്നു. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ Secretariat/KPSC തുടങ്ങിയ വകുപ്പുകളിലെ Assistant തസ്തികയ്ക്ക് Degree - ക്ക് പുറമെ Diploma in Computer Application കൂടി ഉൾപ്പെടുത്തിയതിന് എതിരെ ഫയൽ ചെയ്ത O. A. No. 1524/12 നമ്പർ കേസിന്മേൽ 26.07.2012 തീയതിയിലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കികൊണ്ട്, 01.07.2011 - ലെ ഉത്തരവിൻ പ്രകാരം അധികമായി ഉൾപ്പെടുത്തിയ DCA ഒഴിവാക്കി കമ്മീഷൻ Assistant തസ്തികയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കുകയും തെരഞ്ഞെടുപ്പു നടപടികൾ തുടർന്നു വരികയും ചെയ്യുന്നു.

(2) പരാമർശം (1) പ്രകാരമുള്ള പരിഷ്കരിച്ച യോഗ്യതയായ 'Pass in Plus 2 or its equivalent' ഉൾപ്പെടുത്തി വിവിധ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക് തസ്തികയുടെ വികലാംഗർക്കുള്ള ബാക്ക്ലോഗ് ഒഴിവുകൾ (Special Recruitment Drive) 30.04.2012 – ലെ ഗസറ്റിൽ പി.എസ്.സി. വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ റവന്യൂ വകുപ്പിലെ സംയോജിത തസ്തികയായ L.D. Clerk/Village Assistants - ഉൾപ്പെട്ടിട്ടുള്ള കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടത്തിൽ തദനുസൃതമായ ഭേദഗതി വരുത്താതെ ടി തസ്തികയ്ക്ക് മേൽ യോഗ്യത ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തതിനെ ചോദ്യം ചെയ്ത് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത O.A.1799/12 കേസിൽ, തെരഞ്ഞെടുപ്പിന്റെ തുടർനടപടികൾ സ്റ്റേ ചെയ്തുകൊണ്ട് 10.09.2012 -ൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഇടക്കാല വിധി പുറപ്പെടുവിച്ചിരുന്നു.

(3) റവന്യൂ, സാമൂഹ്യനീതി തുടങ്ങിയ വകുപ്പുകളിലെയും, മുനിസിപ്പൽ കോമൺ സർവ്വീസിലെയും സ്പെഷ്യൽ റൂൾസ് അനുസരിച്ച് എൽ.ഡി.ക്ലാർക്ക് തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി. ആയതിനാൽ വിവിധ വകുപ്പുകൾക്കു വേണ്ടിയുള്ള പൊതു വിജ്ഞാപനത്തിൽ പ്രസ്തുത വകുപ്പുകളെ ഉൾപ്പെടുത്തുവാൻ കഴിയുകയില്ല എന്നും ആയതിനാൽ എല്ലാ വകുപ്പുകളിലേയ്ക്കും ഒന്നിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ കഴിയുന്ന വിധത്തിൽ ഒരു ഏകീകൃത യോഗ്യത നിർദ്ദേശിക്കുവാൻ പരാമർശം (3) പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

(4) സർക്കാർ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം വിശദമായി പരിശോധിച്ചു. എൽ.ഡി.ക്ലാർക്ക് തസ്തിക ഉൾപ്പെടുന്ന കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ നാളിതുവരെ രൂപീകൃതമായിട്ടില്ല. റവന്യൂ, സാമൂഹ്യനീതി തുടങ്ങിയ വകുപ്പുകളിലും മുനിസിപ്പൽ കോമൺ സർവ്വീസിലും എൽ.ഡി.ക്ലാർക്കിന്റെ പുതുക്കിയ യോഗ്യതയായ 'പ്ലസ് ടു' ഉൾപ്പെടുത്തി പ്രസ്തുത വകുപ്പുകളിലെ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ പരാമർശം (1) - ലെ സർക്കാർ ഉത്തരവു പ്രകാരം വിവിധ വകുപ്പുകളിലെ ലോവർ ഡിവിഷൻ ക്ലാർക്കിനുള്ള യോഗ്യത പുതുക്കി ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതുവരെ, പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ

വിദ്യാഭ്യാസ യോഗ്യത ടി തസ്തികയ്ക്ക് ബാധകമാക്കുന്നത് (operation of the Government order) താല്ക്കാലികമായി നിർത്തിവച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതുവരെ വിവിധ വകുപ്പുകളിലെ ലോവർ ഡിവിഷൻ ക്ലാർക്കിനുള്ള വിദ്യാഭ്യാസ യോഗ്യത 'A pass in SSLC or its equivalent' എന്ന രീതിയിൽ തുടരും.

(5) ഇക്കാര്യത്തിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ അതാത് സ്പെഷ്യൽ റൂൾസിൽ അടിയന്തിരമായി ഭേദഗതി വരുത്തേണ്ടതാണെന്നും ഉത്തരവാകുന്നു.

(6) 01.07.2011 മുതൽ ഈ ഉത്തരവിന്റെ തീയതി വരെ പരാമർശം (1) - ലെ ഉത്തരവ് പ്രകാരം നിയമനത്തിനായി പബ്ലിക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങൾക്ക് ഈ ഉത്തരവ് ബാധകമായിരിക്കില്ലെന്നും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.ജെ. മാത്യു**
സെക്രട്ടറി

എല്ലാവകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/
എല്ലാ ജില്ലാകളക്ടർമാർക്കും

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/
സെക്ഷനുകൾക്കും

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/ അഡീഷണൽ
സെക്രട്ടറിമാർക്കും/ ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/
അണ്ടർ സെക്രട്ടറിമാർക്കും

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
റസിഡന്റ് കമ്മീഷണർ, കേരള ഹൗസ്, ന്യൂഡൽഹി
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
പൊതുഭരണ (സർവ്വീസസ്-എ) വകുപ്പ്
സാമൂഹ്യ നീതി വകുപ്പ്
തദ്ദേശ സ്വയം ഭരണ വകുപ്പ്
റവന്യൂ വകുപ്പ്
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റ്
ഡയറക്ടർ, വിവരപൊതുജനസമ്പർക്ക വകുപ്പ് (പ്രചാരണത്തിന്)
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്വൈസ്-എ,ബി,സി) വകുപ്പുകൾ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Endt. on File No. AV(1)11728/03/GW dated:.....................

Government Order communicated to PS to Chairman, PA to Members & Secretary, all Sections, all District and Regional Officers and Stock File for information and necessary action.

9.9.13

*for* Secretary,
Kerala Public Service Commission.